**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ്- തിരുവനന്തപുരം ജില്ലാ കളക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ സഹിത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.8126/2018/ധന.** തിരുവനന്തപുരം, തീയതി **01/10/2018**

പരാമർശം:- 1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 30/06/2018 ലെ എ 10/12941/2000 നമ്പരായുള്ള കത്ത്.

2. തദ്ദേശസ്വയംഭരണ (EPA) വകുപ്പ് ലഭ്യമാക്കിയ 03/07/2018 തീയതിയിലെ അനൗദ്യോഗിക കുറിപ്പ് നം. U.O.(O) No.2547778/EPA3/18/LSGD

**ഉത്തരവ്**

ടൈറ്റാനിയം പ്രൊഡക്ട്സ് റിലീഫ് ഫണ്ട് ഇനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ പേരിൽ ഗവൺമെന്റ് ജില്ലാ ട്രഷറിയിൽ എ. എ. നം. 098055/326086 നം പ്രകാരം 37,07,813/- (മുപ്പത്തി ഏഴ് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി പതിമൂന്ന്) രൂപ അഞ്ച് വർഷത്തെ എഫ്. ഡി. ഉള്ളതും ആയത് 15/06/2018-ൽ കാലാവധി പൂർത്തിയായിട്ടുള്ളതുമാണെന്നും അടുത്ത അഞ്ച് വർഷത്തേയ്ക്ക് കൂടി പുതുക്കുവാൻ ജില്ലാ ട്രഷറിയെ സമീപിച്ചപ്പോൾ ടേം ഡെപ്പോസിറ്റിൽ നിന്നുള്ള പലിശ മാറ്റുന്നതിനായി ജില്ലാ കളക്ടറുടെ പേരിൽ ഇതിലേയ്ക്കായി ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കണമെന്ന് അറിയിച്ചതായി തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും മേൽ സാഹചര്യത്തിൽ, ടൈറ്റാനിയം പ്രൊഡക്ട്സ് റിലീഫ് ഫണ്ട് ഇനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ള 37,07,813/- (മുപ്പത്തി ഏഴ് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി പതിമൂന്ന്) രൂപയുടെ പലിശ നിക്ഷേപിക്കുന്നതിനായി തിരുവനന്തപുരം ഗവൺമെന്റ് ജില്ലാ ട്രഷറിയിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ പേരിൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്തിലൂടെ തിരുവനന്തപുരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ടൈറ്റാനിയം പ്രൊഡക്ട്സ് റിലീഫ് ഫണ്ട് ഇനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ പേരിൽ നിക്ഷേപിച്ചിട്ടുള്ള 37,07,813/- (മുപ്പത്തി ഏഴ് ലക്ഷത്തി ഏഴായിരത്തി എണ്ണൂറ്റി പതിമൂന്ന്) രൂപയുടെ പലിശ നിക്ഷേപിക്കുന്നതിനായി മാത്രം തിരുവനന്തപുരം ജില്ലാ കളക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ സഹിത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

തദ്ദേശസ്വയംഭരണ (EPA) വകുപ്പ്

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ